# അമ്പാടിയിലേയ്ക്ക് വീണ്ടും

**ദാരുകൻ:**

പായുക പായുക കുതിരകളേ,
പരമാത്മാവിൻ തേരിതിനെ
സുദീർഘ വീഥിയിൽ നയിയ്ക്ക നീളെ
സുഖിത സ്വപ്നം പോലെ.
'ദാരുക, ദാമോദരനൊപ്പം
വ്രജത്തിലോളം നീ പോണം
ആജ്ഞയല്ലൊരനുഗ്രഹമത്രേ
നമുക്കു തന്നൂ ബലരാമൻ.
മടുപ്പനത്രേ കൊട്ടാരം
അയത്ന സുലഭസുഖാഗാരം:
ഇടയ്ക്കു കണ്ണീരുപ്പുപുരട്ടാ-
തെന്തിനു ജീവിതപലഹാരം!
വിരോധിമാരേ, നിങ്ങൾക്കാ-
യാശംസിപ്പൂ ഞാനിവയെ:
വിശപ്പൊരിക്കലുമേല്പിയ്ക്കാത്തൊരു
വിശേഷ ഭക്ഷണ വിഭവങ്ങൾ;
വിയോഗമെന്തെന്നറിയാനരുതാ-
ത്തവിഘ്നസിദ്ധപ്രണയങ്ങൾ;
ഒരിറ്റു നിണവും വീഴാതഴകോ-
ടൊഴിഞ്ഞു കിട്ടും വിജയങ്ങൾ!
എനിയ്ക്കു രസമീ നിമ്നോന്നതമാം
വഴിയ്ക്കു തേരുരുൾ പായിക്കൽ;
ഇതേതിരുൾക്കുഴിമേലുരുളട്ടേ,
വിടില്ല ഞാനീ രശ്മികളെ.
എനിയ്ക്കു രസമത്യാസന്നോദയ-
വികാര വിപ്ലവ ദൃശ്യങ്ങൾ,
അഗാധഹൃദയ ഹ്രദമഥനോത്ഥിത-
സൗന്ദര്യ പ്രതിഭാസങ്ങൾ.
നോറ്റിരിയ്ക്കും മങ്കകൾ, തൻതൻ
നൊമ്പരത്തെ കാണുകയായ്,
സ്വന്തം ജീവിതമൂല്യമടർത്തി-
പ്പന്താടുകയായ് ഗോകുലം!
ചാടുകളോടി വരുന്നകലെ
മാടിൻ നിരയുടെ പിന്നാലെ
രാജധാനിയ്ക്കിവയെത്തിപ്പൂ
ഗോരസങ്ങളെ വഴിപോലെ.
മുഷിഞ്ഞ കുത്തിയുടുപ്പു, തലേക്കെ,-
ട്ടഴഞ്ഞൊരലസക്കുപ്പായം,
ഗോപ, കൊള്ളാം നിൻ കൈമുതലിൻ
ഗോപനത്തിന്നീവേഷം.
സൂക്ഷ്മം ദാരുകനറിയാമേ
സൂക്ഷിപ്പിൻ കഥ നിങ്ങളുടെ;
അവന്റെ തേരിലിരിപ്പുണ്ടല്ലോ
ആനായർകുലനിക്ഷേപം
ആർതൻ ഭ്രുകുടി വിക്ഷേപം
പ്രപഞ്ചകഥതൻ സംക്ഷേപം
അസ്സമ്പത്തിന്നുടമകളത്രേ
ഗോപക്കുടിലുകൾ ബഹുചിത്രം!
ബാലകന്മാർ കളിയാടീ,
കാലികൾ മേഞ്ഞു പുളച്ചോടീ
കാണും ശാദ്വലമേ, നീ നേടിയ-
താരിൽ നിന്നീ നീലിമയെ?
കറുകപ്പുൽക്കൂമ്പുകളാലേ
കുളിർ കോരുന്നൊരു മെയ്യോടേ
നിലനിർത്തുന്നൂ നിയ്യിപ്പോഴും
ചിലതിൻ വിമല സ്മരണകളെ.
കറുകപ്പുൽക്കൂമ്പുകളാലേ
വന്ദാവനമടുലരുകളേ,
യുഷ്മൽ സൗരഭമുദ്വേലം
വരുന്നു തീരാദാഹത്തോടൊരു
കരിവണ്ടെന്നുടെ രഥമേറി.

പായുക, പായുക, കുതിരകളേ,
പരമാത്മാവിൻ തേരിതിനെ
പുരുസുഖവീഥിയിൽ നയിയ്ക്ക നീളെ
പുഷ്യൽ സ്വപ്നം പോലെ.

**ഗോപികമാർ:**

രാജരഥത്തെപ്പായിച്ചെത്തും
സൂത, നിർത്തിയതെന്തേ നീ?
കാളിന്ദിയിൽ നീരാടാൻ പോകും
ഞങ്ങൾ, ഗോപപ്പെണ്ണുങ്ങൾ.
അമ്മയെക്കാണാനാം പോവതു
ചിരപ്രതീക്ഷിതനിദ്ദേവൻ;
താമസിപ്പിയ്ക്കരുതേ വെറുതേ,
ഞങ്ങളെയറിയില്ലിദ്ദേഹം.
മുക്തമാക്കീയൊട്ടിട ഞങ്ങടെ
ഭർത്തൃപുത്രപിതൃ ബന്ധം;
മാനുഷികത്വത്തിങ്കൽ നിന്നുമു-
യർത്തുകയുണ്ടായൊരു ദേവൻ.
അമ്മ മാര,ല്ലരിയ സഹോദരി-
മാര,ല്ലച്ചികളല്ലാർക്കും,
അന്നു കാനന കേളീലോലകൾ
ഞങ്ങളെയറിയില്ലിദ്ദേഹം.
രാവിൻ ഛായകൾ, കാളിന്ദീ ജല-
കാളിമ, കാട്ടിൻ പച്ചപ്പും
ഞങ്ങൾക്കഭിമതചേല, സചേലകൾ
ഞങ്ങളെയറിയില്ലിദ്ദേഹം.
രാജരഥത്തെപ്പായിച്ചെത്തും
സൂത, നീയേ ശിക്ഷാർഹൻ;
അന്ത:പുരമേ ദേവനു ലക്ഷ്യം,
അമ്പാടിയിലെന്തെത്തിച്ചു?
ദേവനെയും വിട്ടോടുകയാണോ
തേരേ, നീ നിലനിന്നാലും
ഗോപികാഹൃദയാന്തർവേദിയി-
ലക്രൂരന്റെ രഥം പോലെ!
മഹർഷിമാരേ,തെല്ലിട നിർത്തുക
ധർമ്മശാസ്ത്രക്കുറിമാനം
പ്രപഞ്ച ധർമ്മം മറ്റൊന്നാക്കുവി-
നീശ്വരന്മാരേ!
ഇവിടെഗ്ഗോപികളശ്രുതപൂർവ്വക-
മാമൊരു നാടകമാടട്ടേ,
ഇവിടെ സ്വന്തം സങ്കല്പങ്ങളിൽ
ഞങ്ങടെ ലോകം പണിയട്ടേ.

കൃഷ്ണാ, മുന്നേപ്പോലേ നീയി-
ക്കാളിന്ദീതടവിടപത്തിൽ
പ്രഭാതകിരണപ്പൂക്കൾ വിരിച്ചൊരു
കൊമ്പിലിരുന്നിക്കുളിർകാറ്റിൽ
ഭ്രുകുടിതാളലയാന്വിതമാമൊരു
ഗാനം പാടുക വേണുവിൽ.
ചേലകളല്ലാ വാരിയെടുക്കുക
ഞങ്ങടെ ചേതന പാടേ,
നിന്നുടെ ചുറ്റും തൂക്കിക്കൊള്ളുക
സുമന്ദഹാസത്തോടെ:
വ്രീളാവിവശതയാലേ മിഴിയും-
പൂട്ടി ഞങ്ങൾ കിടക്കുമ്പോൾ
ഞങ്ങളെ മൂടുക, കാരുണ്യാത്മൻ,
നിന്നോടക്കുഴൽ വിളിയാലേ!